"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.82/ഡി.സി.1/2025/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 08-05-2025

<u>സർക്കുലർ</u>

വിഷയം:- വിഷയം : തദ്ദേശസ്വയംഭരണവകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ Emergency Response Team (ERT) - ന്റെ പുന:സംഘടനയും പരിശീലനവും സംബന്ധിച്ച നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 04-12-2019 - ലെ GO (MS) No. 156/2019/LSGD നമ്പർ ഉത്തരവ്

**********************

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് സംബന്ധിച്ച് മാർഗ്ഗ നിർദേശങ്ങൾ നൽകി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ചും ഓരോ സ്ഥാപനത്തിലും Emergency Response Team (ERT) രൂപീകരിക്കുന്നത് സംബന്ധിച്ചും ഉള്ള നിർദേശങ്ങൾ പ്രസ്തുത മാർഗ്ഗ നിർദേശങ്ങൾ പ്രകാരം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രാദേശിക ദുരന്ത നിവാരണ പദ്ധതി (Local Disaster Risk Management Plan - LDRMP) തയ്യാറാക്കുകയും ഓരോ സ്ഥാപനത്തിലും പത്ത് അംഗങ്ങൾ വീതമടങ്ങിയ നാല് Emergency Response Team (ERT) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട് എങ്കിലും തുടർന്നുള്ള കാലയളവിൽ ഈ ടീമുകൾ ക്രമബദ്ധമായി പ്രവർത്തിച്ചിരുന്നില്ല എന്നതിനാൽ മഴക്കാലം സമീപിക്കുന്ന സാഹചര്യത്തിൽ ERT കൾ പുന:സംഘടിപ്പിച്ച് ശക്തിപ്പെടുത്തുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. മേൽ സാഹചര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടിയന്തരമായി എമർജൻസി റെസ്പോൺസ് ടീമുകളെ (ERT) പുന:സംഘടിപ്പിക്കേണ്ടതാണ്.
- മുൻപ് നിർദ്ദേശിച്ചിരുന്ന അതേ മാനദണ്ഡങ്ങൾ പ്രകാരം ആകണം എമർജൻസി റെസ്പോൺസ് ടീമുകളെ പുനസംഘടിപ്പിക്കേണ്ടത്.
- അംഗങ്ങളുടെ പേരും മേൽവിലാസവും ഫോൺ നമ്പറും ടീം അടിസ്ഥാനത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് (DDMA) സമർപ്പിക്കേണ്ടതാണ്. DDMA ഇത് ക്രോഡീകരിച്ചു സൂക്ഷിക്കേണ്ടതാണ്. District Disaster Management Plan കോർഡിനേറ്ററെ ഇതിനു ചുമതലപ്പെടുത്തേണ്ടതാണ്
- ടീമുകൾ പുനസംഘടിപ്പിക്കുന്നതിനാവശ്യമായ സഹായവും മേൽനോട്ടവും Disaster Management Plan Coordinator നൽകേണ്ടതാണ്.

- തുടർന്ന് ടീമിന്റെ സ്വഭാവമനുസരിച്ച് അനുയോജ്യമായ പരിശീലനം നൽകുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.
- Early Warning, Camp Management തുടങ്ങിയവയുടെ പരിശീലനം ഓൺലൈൻ ആയി നൽകേണ്ടതാണ്. ജില്ലാ അടിസ്ഥാനത്തിൽ virtual ആയി Disaster Management Plan Coordinator ഇത് സംഘടിപ്പിക്കേണ്ടതാണ്.
- ഫസ്റ്റ് എയിഡ് ടീം പരിശീലനം ജില്ലാ ആരോഗ്യ അധികാരികളുമായി ചേർന്ന് അതതു ജില്ലകളിൽ സംഘടിപ്പിക്കേണ്ടതാണ്. കൂടുതൽ വികേന്ദ്രീകൃതമായി ബ്ലോക്ക് തലത്തിൽ ആകുന്നതു അഭികാമ്യം ആയിരിക്കും.
- Fire and Rescue ജില്ലാ അധികാരികളുമായി ചേർന്ന് DDMA യുടെ നേതൃത്വത്തിൽ റെസ്ക്യൂ ടീം പരിശീലനം നൽകേണ്ടതാണ്
- നാല് ടീമുകൾക്കുമാവശ്യമായ പരിശീലന മോഡ്യൂളുകൾ സംസ്ഥാന ദുരന്ത നിവാരണഅതോറിറ്റിയിൽ നിന്നും തയ്യാറാക്കി നൽകേണ്ടതാണ്.

  മെയ് 25 നകം പരിശീലനം പൂർത്തീകരിക്കുന്ന രീതിയിൽ ആസൂത്രണം ചെയ്യേണ്ടതാണ്.

SHEEJA R S
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ഡയറക്ടർ ജനറൽ, കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I / എഡിറ്റ് II ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

Signed by
Shaija R M
Date: 08-05-2025 17:23:46

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്